(ബി) സ്ത്രീശാക്തീകരണമാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്.

(സി) ഈ പദ്ധതി നടപ്പിലാക്കാനായി ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് ഓരോ കുടുംബത്തിലെയും മുതിർന്ന വനിതയുടെ ഫോട്ടോ എടുത്തിട്ടുണ്ട്. പുതിയ റേഷൻ കാർഡിൽ കുടുംബത്തിലെ മുതിർന്ന വനിതയായിരിക്കും കാർഡുടമ. വനതകളില്ലാത്ത കുടുംബത്തിൽ ഗൃഹനാഥനായിരിക്കും കാർഡുടമ.

കെ.എസ്.സി.എസ്.സി.-യുടെ പെട്രോൾ/ഡീസൽ പമ്പ്

186(1253) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് മണ്ഡലത്തിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ഒരു പെട്രോൾ/ഡീസൽ പമ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

പെട്രോൾ/ഡീസൽ പമ്പുകൾ ആരംഭിക്കുന്നത് ഓയിൽ കമ്പനികളാണ്. ഓയിൽ കമ്പനികൾ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പഴം, പച്ചക്കറി സംഭരണവും സംസ്കരണവും

187(1254) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി, സംഭരണത്തിനും സംസ്കരണത്തിനും കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly